**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/040/2023
**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**
തീയതി: ഒക്ടോബർ- 013- 2023

പരാതിക്കാരി : ശ്രീമതി. സുബിത സുരേഷ്,
കീഴതറയിൽ വീട്, മാന്ത്ര പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ ജില്ല - 689508.

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ,
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
കൊല്ലക്കടവ്, ആലപ്പുഴ ജില്ല.

## ഉത്തരവ്

### പരാതിയുടെ പശ്ചാത്തലം

ആലപ്പുഴ ചെങ്ങന്നൂർ മാന്ത്ര പി.ഒ. കീഴത്തറയിൽ വീട്ടിൽ സ്വദേശിയാണ് പരാതിക്കാരിയായ ശ്രീമതി. സുബിത സുരേഷ്. ഇവർ താമസിക്കുന്ന വീട്ടിലേക്കുള്ള സർവീസ് കണക്ഷൻ നാരായണൻ എന്നയാളുടെ പേരിലാണ്. ഏകദേശം 25 സെന്റ് ഭൂമി അവർക്കും ഭർത്താവിനും അവകാശപ്പെട്ടതായിട്ടുണ്ട്. ഒരു സർവീസ് വയർ അയൽപക്കത്തെ വീട്ടിലേക്ക് വലിച്ചത് അവരുടെ ഭർത്താവിന്റെ സഹോദരനായ ശ്രീ. പ്രസാദിനു വേണ്ടിയാണ്. 2006-ലാണ് ഈ സർവീസ് വയർ വലിച്ചത്. സർവീസ് വയർ ഇവരുടെ പുരയിടത്തിൽ നിന്നും മാറ്റിക്കിട്ടുന്നതിനു വേണ്ടി പരാതി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നതിനാൽ തീർപ്പു കല്പിച്ചിട്ടില്ല. തങ്ങളുടെ വസ്തുവിൽ നിന്ന് ലൈൻ മാറ്റുന്നതിനായി പരാതിക്കാരി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിക്ക് ഒരു കത്ത് അയച്ചു. കോടതിയിൽ നിന്നും ഈ കത്ത് സംസ്ഥാന ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന് കൈമാറിയിട്ടുണ്ട്. Form A- യുടെ ഫോർമാറ്റ് അനുസരിച്ച് പരാതി CGRF-ന് സമർപ്പിക്കാൻ

പരാതിക്കാരനോട് ഓംബുഡ്സ്മാന്റെ ഓഫീസിൽ നിന്നും നിർദ്ദേശിച്ചു. ഈ ഹർജി CGRF കേൾക്കുകയും ഉത്തരവിറക്കുകയും ചെയ്തു, ആലപ്പുഴ ADM മുമ്പാകെ കേസ് നിലനിൽക്കുന്നതിനാൽ ഫോറത്തിന് ഇടപെടാൻ അധികാരമില്ലെന്ന് വ്യക്തമാക്കിയാണ് 04/08/2023-ൽ ഉത്തരവ് പുറപ്പെടുവിച്ചത്. ആ ഉത്തരവിന്റെ അപ്പീൽ ആയിട്ടാണ് Ombudsman-ന് ഈ പരാതി സമർപ്പിച്ചിട്ടുള്ളത്.

### പരാതിക്കാരിയുടെ വാദം

1. ഞാനും എന്റെ ഭർത്താവും വീട്ടിൽ ഇല്ലാതിരുന്ന സമയത്ത് consent വാങ്ങിക്കാതെ ഞങ്ങളുടെ വസ്തുവിന്റെ മധ്യഭാഗത്ത് കൂടി കീഴത്തറയിൽ പ്രസാദും KSEB യും ചേർന്ന് അനധികൃതമായി വൈദ്യുത കണക്ഷൻ എടുത്തു. ഞങ്ങളുടെ വസ്തു ഞങ്ങളുടെ പേരിലായത് 2003ലാണ്. ഈ പ്രോപ്പർട്ടിയിൽ പ്രസാദിന് ഒരു അവകാശവും ഇല്ലെന്ന് പ്രസാദ് രജിസ്ട്രാർക്ക് മുമ്പിൽ sign ചെയ്തു നൽകിയിട്ടുള്ളതാണ്. പ്രസാദ് കണക്ഷൻ എടുത്തത് 2006 ലാണ്. ഈ അനധികൃതമായി എടുത്ത കണക്ഷൻ Route മാറ്റിയെടുക്കുന്നതിനോ ഡിസ്കണക്റ്റ് ചെയ്യുന്നതിനുവേണ്ടി KSEB, ADM എന്നിവർക്ക് പല പ്രാവശ്യം അപേക്ഷ കൊടുത്തെങ്കിലും ഒരു തീരുമാനവും ഉണ്ടായില്ല. ADM ന് ഒരു വർഷത്തിനു മുൻപും അപേക്ഷ നേരിട്ട് കൊടുത്തെങ്കിലും ഒരു തീരുമാനവും എടുത്തില്ലെന്ന് മാത്രമല്ല അത് അവിടെ നിലനിൽക്കുന്നുണ്ടോ എന്ന് പോലും ഉറപ്പില്ല. തുടർന്ന് high court ൽ അപേക്ഷ കൊടുക്കുകയും ഹൈക്കോർട്ടിൽ നിന്നും forward ചെയ്തത് അനുസരിച്ച് CGRF forum ന് നൽകിയ തെളിവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ forum തയ്യാറാക്കിയ റിപ്പോർട്ട് ഇതോടൊപ്പം ചേർക്കുന്നു. ആയതിനാൽ അനധികൃതമായി എന്റെ വസ്തുവിൽ കൂടി consent ഇല്ലാതെ എടുത്തിട്ടുള്ള കണക്ഷൻ പ്രസാദിനെ കൊണ്ട് റൂട്ട് മാറ്റിയെടുപ്പിക്കുകയോ പ്രസാദ് ക്യാഷ് മുടക്കാൻ തയ്യാറല്ലാത്ത പക്ഷം കണക്ഷൻ ഡിസ്കണക്റ്റ് ചെയ്യുവാൻ വേണ്ട നടപടികൾ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. റൂട്ട് മാറ്റി കണക്ഷൻ എടുക്കുന്നതിന് ചിലവ് വഹിക്കാൻ ഞങ്ങൾ തയ്യാറല്ലെന്നും ഞാൻ ബോധ്യപ്പെടുത്തുന്നു.

2. എന്റെ ഭർത്താവ് വിദേശത്തും ഞാൻ വീട്ടിൽ താമസം ഇല്ലാതിരുന്ന സമയത്ത് കീഴത്തറയിൽ പ്രസാദും കെഎസ്ഇബിയും ചേർന്ന് അനധികൃതമായി ഞങ്ങളുടെ കൺസെന്റ് വാങ്ങിക്കാതെ എന്റെ

വസ്തുവിന്റെ മധ്യയ്ക്ക് കൂടി ഇലക്ട്രിക് കണക്ഷൻ എടുക്കുകയും ഇത് സംബന്ധിച്ച് എന്റെ വസ്തുവിൽ കൂടിയുള്ള ഇലക്ട്രിക് കണക്ഷൻ റിമൂവ് ചെയ്യുകയോ ഡിസ്കണക്റ്റ് ചെയ്യുകയോ ചെയ്യുന്നത് സംബന്ധിച്ച് ഞാൻ കെഎസ്ഇബി ഡിവിഷനൽ എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർക്കും ഡിസ്ട്രിക്ട് കളക്ടർക്കും പരാതി കൊടുത്തു. എന്നാൽ അതിനു മുൻപ് കെഎസ്ഇബിയിൽ നിന്നും ആരും സ്ഥലം സന്ദർശിക്കുകയോ വിവരങ്ങൾ അന്വേഷിക്കുകയോ ചെയ്തിരുന്നില്ല. കളക്ടറുടെ നിർദ്ദേശപ്രകാരം സ്ഥലം സന്ദർശിച്ച് റൂട്ട് മാപ്പ് തയ്യാറാക്കി കൺസന്റ് കൊടുക്കാതെ എടുത്ത കണക്ഷൻ റൂട്ട് മാറ്റണമെങ്കിൽ ഞങ്ങൾ പൈസ മുടക്കണമെന്ന് ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥർ പറഞ്ഞു. എന്നാൽ ഞങ്ങളുടെ സമ്മതമോ അറിവോ ഇല്ലാതെ എടുത്ത കണക്ഷൻ മാറ്റുന്നതിന് ഞങ്ങൾ പൈസ മുടക്കാൻ തയ്യാറല്ല. കളക്ടർ അപേക്ഷ കൊടുത്തിട്ടും ഒരു തീരുമാനം ആകാതിരുന്ന സാഹചര്യത്തിൽ ഒരു വർഷം കഴിഞ്ഞ് ഞാൻ ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി രജിസ്ട്രാർ അംഗീകരിച്ച ആ പരാതി ട്രാൻസ്ഫർ ചെയ്യുകയും അങ്ങ് സി.ജി.ആർ.എഫ്-ന് ഫോർവേഡ് ചെയ്യുകയും ചെയ്തു. CGRF complaint no. 18/2023-247. അതനുസരിച്ച് CGRF അയച്ചുതന്ന form fill ചെയ്തു അയക്കുകയും ചെയ്തു. എന്നാൽ ജൂലൈ അഞ്ചാം തീയതി കെഎസ്ഇബിയിൽ നിന്നും മൂന്നു നാല് സ്റ്റാഫ് സ്ഥലത്ത് വരികയും മുൻ വർഷങ്ങളിൽ അപേക്ഷ കൊടുത്തിട്ടുള്ള പ്രൂഫ് ഉണ്ടോ എന്ന് തിരക്കി. എന്നാൽ മുൻപ് കൊടുത്തിട്ടുള്ള അപേക്ഷയുടെ കോപ്പികൾ 2018-ലെ പ്രളയത്തിൽ ഈ പ്രദേശം മുഴുവൻ മുങ്ങിയ അവസ്ഥയിൽ ആ കോപ്പികൾ വെള്ളം കയറി നഷ്ടപ്പെട്ടു. ഇതെല്ലാം ചോദിച്ചു മനസ്സിലാക്കിയിട്ട് അവർ പോയി. അതിനുശേഷം ജൂലൈ എട്ടാം തീയതി അവർ എനിക്ക് ഒരു രജിസ്റ്റേഡ് ലെറ്റർ അയച്ചു.

3. ഞങ്ങൾ ഈ വസ്തുവിന്റെ ഉടമസ്ഥൻ ആകുന്നത് 2003 ലാണ്. 2003 രജിസ്റ്റർ ചെയ്ത പ്രമാണത്തിൽ പ്രസാദിന് ഈ വസ്തുവിൻ മേലെ യാതൊരു അവകാശവും ഇല്ലെന്ന് എഴുതി ഒപ്പിട്ടു തന്നിട്ടുള്ളതാകുന്നു. എന്നാൽ പ്രസാദ് കണക്ഷൻ എടുത്തത് 2006 ന് ശേഷവും ലാൻഡ് ഓണർ ആയ ഞങ്ങളുടെ consent വാങ്ങിക്കാതെ പ്രസാദും മകനും ക്യാഷ് കൊടുത്ത് ഇലക്ട്രിസിറ്റിക്കാരെ സ്വാധീനിച്ചിരിക്കുകയാണ്. കാരണം ഒരു മാസം ഇലക്ട്രിക് ബിൽ അടയ്ക്കാൻ താമസിച്ചാൽ കണക്ഷൻ ഡിസ്കണക്റ്റ് ചെയ്യുന്ന കെഎസ്ഇബി ഞങ്ങളുടെ കൺസെന്റ് ഇല്ലാതെ എടുത്ത

കണക്ഷൻ ഡിസ്കണക്റ്റ് ചെയ്യാൻ പറ്റുന്നില്ലെന്നാണ് പറയുന്നത്. പ്രസാദിന് ഞങ്ങളുടെ വസ്തുവിൽ കൂടി അല്ലാതെ
പഞ്ചായത്ത് റോഡ് മാർഗ്ഗം എടുക്കാൻ ഉള്ള സാഹചര്യം ഉണ്ട്. അത് സാർ റൂട്ട് മാപ്പിൽ നോക്കിയാൽ മനസ്സിലാകും. കെഎസ്ഇബിയിൽ പല വർഷങ്ങളായി അപേക്ഷ കൊടുത്തിട്ട് ചെവി കൊള്ളാതെ വന്നപ്പോഴാണ്
ഡിസ്ട്രിക്ട് കളക്ടർക്ക് കൊടുത്തത്. കളക്ടറുടെ നിർദ്ദേശപ്രകാരം മാത്രമാണ് കെഎസ്ഇബി എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും റൂട്ട് മാപ്പ് തയ്യാറാക്കുകയും ചെയ്തിരുന്നത്. കളക്ടർക്ക് കെഎസ്ഇബി എക്സിക്യൂട്ടീവ് എഞ്ചിനീയർ അയച്ച റിപ്പോർട്ടിൽ സുബിതാ സുരേഷിന് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എനിക്ക് ക്യാഷ് മുടക്കിയാൽ കണക്ഷൻ റൂട്ട് മാറ്റാം എന്ന് പറഞ്ഞു. ആലപ്പുഴ കളക്ടർക്ക് അവർ അയച്ച റിപ്പോർട്ടിന്റെ ഒരു കോപ്പി കളക്ടർ സാർ എനിക്ക് അയച്ചു തന്നു. അതിനുശേഷം ഒരു വർഷം കഴിഞ്ഞിട്ടും ഇതിനെക്കുറിച്ച് ഒരു അറിവും ഇല്ല. കളക്ടർക്ക് ഈ പരാതി നിലനിൽക്കുന്നില്ല എന്ന് തോന്നുന്നു.

4. കെഎസ്ഇബി തന്നിരിക്കുന്ന റൂട്ട് മാപ്പ് പ്രകാരം പോയിരിക്കുന്ന കണക്ഷൻ കിണറിനോട് ചേർന്ന് ഒരു സ്റ്റോർ റൂമും ഒരു വിറക് കത്തിക്കുന്ന ഷീറ്റും ഉണ്ട്. അവർ ഇതെല്ലാം ഒഴിവാക്കിയാണ് വെച്ചിരിക്കുന്നത്. അതുപോലെതന്നെ ഈ സർവീസ് വയർ രണ്ട് വർഷത്തിനു മുൻപ് രാത്രി ഷോട്ട് സർക്യൂട്ട് ഉണ്ടായി തീ പിടിച്ചു. ഈ വയര് വീടുമായി 4 മീറ്റർ മാത്രമേ അകലമുള്ളൂ. ഇത് കണ്ട അയലത്തുകാർ വിളിച്ചു കൂവുകയും ഞാനും എന്റെ രണ്ടു പെൺമക്കളും ഭയന്ന് വീടിനു പുറത്തുചാടി. അത് ഇപ്പോൾ വയർ മാറ്റി ഇട്ടിരിക്കുകയാണ്. ഈ കണക്ഷൻ മാറ്റുന്നത് സംബന്ധിച്ച് പ്രസാദും കുടുംബവുമായി വർഷങ്ങൾ കൊണ്ട് വാക്ക് തർക്കത്തിലാണ്. രണ്ടുവർഷത്തിനു മുൻപ് വരെ റൂട്ട് മാപ്പിൽ പറഞ്ഞിട്ടുള്ളത് പോലെ മാറ്റിയെടുക്കാം എന്ന് പറഞ്ഞെങ്കിലും ഇപ്പോൾ പറയുന്നു മാറ്റില്ല എന്ന്. എന്റെ ഭർത്താവ് വിദേശത്തായിരുന്നു. ഇപ്പോൾ നാട്ടിലുണ്ട് രണ്ടുവർഷം കൂടുമ്പോഴാണ് നാട്ടിൽ വരാറ്. അപ്പോഴൊക്കെ ഇതിനെക്കുറിച്ച് സംസാരിക്കുമ്പോൾ കണക്ഷൻ മാറ്റിത്തരാം എന്ന് പറയുകയും ഓരോ ഒഴിവുതിരിവുകൾ പറഞ്ഞു ഇത്രയും നാളും ഞങ്ങളെ കബളിപ്പിച്ചു. ഇപ്പോൾ പ്രസാദും, പ്രസാദിന്റെ മകൻ ആർമിയിൽ ജോലിയുള്ള പ്രവീൺ പറയുന്നത് കണക്ഷൻ മാറ്റില്ലെന്നും നിങ്ങൾ എന്തു വേണമെങ്കിലും ചെയ്യാൻ എന്നുമാണ്. അവർ KSEB ക്കാരെ സ്വാധീനിച്ചിരിക്കുകയാണ്. കെഎസ്ഇബിയിലെ സ്റ്റാഫ് ഇതുവരെ അവരോട് ഇതിനെക്കുറിച്ച് സംസാരിച്ചിട്ട് പോലുമില്ല.

5. ഈ പ്രശ്നം പറഞ്ഞ് പ്രസാദും മകനും ചേർന്ന് എന്റെ ഭർത്താവിനെ

കയ്യേറ്റം ചെയ്യുവാൻ വരെ വന്നു. കെഎസ്ഇബി പറയുന്നത് നിങ്ങൾ consent കൊടുത്തിട്ടില്ലെങ്കിൽ പ്രസാദ് കൃത്രിമമായി consent ഉണ്ടാക്കിയതാണെന്ന് എന്നാൽ കെഎസ്ഇബിയോട് consent തെളിയിക്കാൻ പറഞ്ഞാൽ അവർ അതിന് തയ്യാറല്ല ആയതിനാൽ ഞങ്ങളുടെ കൺസെന്റ് ഇല്ലാതെ പ്രസാദ് കൃത്രിമമായി consent കൊടുത്തിട്ടുണ്ടെങ്കിൽ ആ consent തെളിയിക്കുകയും പ്രസാദിന്റെ പേരിൽ നിയമ നടപടികൾ എടുത്ത് ഞങ്ങളുടെ അറിവോ സമ്മതമോ ഇല്ലാതെ എടുത്ത കണക്ഷൻ റൂട്ട് മാപ്പ് വഴി മാറ്റി സ്ഥാപിക്കാനോ അല്ലാത്തപക്ഷം കണക്ഷൻ ഡിസ്കണക്റ്റ് ചെയ്യാനോ കെഎസ്ഇബി ബാധ്യസ്ഥയല്ലേ. ഈ കണക്ഷൻ മാറ്റി സ്ഥാപിക്കാൻ വേണ്ട ചിലവുകൾ വഹിക്കാൻ ഞങ്ങൾ തയ്യാറല്ല. ആയതിനാൽ പ്രസാദിന്റെയും കെഎസ്ഇബിയുടെയും ഒത്തുകളി അവസാനിപ്പിച്ച് ഞങ്ങളുടെ അറിവോ സമ്മതമോ ഇല്ലാതെ എടുത്ത ഇലക്ട്രിക് കണക്ഷൻ റൂട്ട് മാറ്റി സ്ഥാപിക്കുകയും റൂട്ട് മാറ്റിയെടുക്കാൻ വേണ്ട ചിലവുകൾ പ്രസാദ് വഹിക്കാൻ കഴിയാത്ത പക്ഷം ഞങ്ങളുടെ വസ്തുവിൽ കൂടിയുള്ള കണക്ഷൻ ഡിസ്കണക്റ്റ് ചെയ്യുകയും പ്രസാദ് കൺസൻസ് നൽകിയിട്ടുണ്ടെങ്കിൽ അതു പുന:പരിശോധിപ്പിച്ചു ഞങ്ങളുടെ കൺസെന്റ് ഇല്ലാതെ എടുത്ത കണക്ഷൻ remove or disconnect ചെയ്യുവാൻ വേണ്ടി നടപടികൾ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

<u>എതിർകക്ഷിയുടെ വാദം</u>

1. The appellant has filed the instant appeal against the Order of the Hon'ble Consumer Grievance Redressal Forum (Central Region), Ernakulam, in Complaint No. 18/2023-24. In the Order, the Forum held that, since the appellant had already filed a complaint regarding a line drawl matter before the Additional District Magistrate, Collectorate, Alappuzha, which is still pending, the Forum lacked Jurisdiction to interfere in this subject matter. Consequently, the petition was disposed of accordingly.

2. The appellant's premises have a service connection registered in favor of one Narayanan with Consumer No. 12969 of the Electrical Section, Kollakadavu. A service wire was drawn through the appellant's property to provide a service connection to the brother of appellant's husband Sri Prasad, dating back to 2006. After many years of silence, the appellant lodged a complaint on May 10, 2022, with the District Collector for removal of service wire. The District Collector forwarded this complaint to the Assistant Executive Engineer of the Electrical Subdivision in Kollakadavu for verification and necessary action.

3. In response, a site survey was conducted by the respondent to assess the feasibility of relocating the service line. The existing WP Service wire was

   drawn on April 27, 2006. For re-routing, an estimate amounting to Rs. 33,088/- was prepared. This estimate covers the costs of materials and labor for constructing a 34-meter single-phase overhead line, including the provision of two poles, strut, stay, WP support, and the dismantling of the existing service wire. On May 25, 2022, a notice was issued by the Assistant Executive Engineer to the appellant, instructing them to contact the Assistant Engineer in the Electrical section of Kollakadavu to make the required payment. However, the appellant neither approached the Assistant Engineer nor remitted the amount claiming that husband's brother Sri. Prasad is required to make payment in this regard.

   To resolve of the issues, Sri. Prasad was notified to make the necessary payment for the relocation of the service line. However, he expressed reluctance to do so due to ongoing family issues related to the walkway. According to the re-routing, either party involved is liable to bear the associated expenses.

   The appellant subsequently filed a complaint before the Hon'ble CGRF, and as directed by the Forum, the status of the complaint previously lodged by the appellant before the Additional District Magistrate was inquired into. It has been revealed that the complaint is still pending there, awaiting disposal.

   Taking into consideration the current situation, the Forum disposed of the case, as it lacks jurisdiction to intervene in the subject matter.

It is submitted that the appellant raised the complaint after a lapse of more than 17 years, and the corresponding documents regarding consent given for line drawl are yet to be retrieved. The Kerala State Electricity Board Limited is willing to proceed with the work in accordance with the aforementioned line relocation, provided that either the appellant or her husband's brother remits the required amount for the line re-routing.

പരാതിക്കാരിയുടെ എതിർ വാദം

1. ഇലക്ട്രിസിറ്റി അസിസ്റ്റന്റ് എൻജിനീയർ, സാറിന് നൽകിയിട്ടുള്ള റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അസത്യമാണ്. കണക്ഷൻ എടുത്തിട്ട് 17 വർഷമായി എങ്കിലും അവർ ഞങ്ങളുടെ അറിവോ സമ്മതമോ വാങ്ങിക്കാതെയാണ് എന്റെ വസ്തുവിന്റെ മധ്യയ്ക്ക് കൂടി ഇലക്ട്രിക് കണക്ഷൻ പ്രസാദിന് കൊടുത്തത്. അന്നുമുതൽ പല പ്രാവശ്യം അസിസ്റ്റന്റ് എൻജിനീയർ, ഡിവിഷണൽ എൻജിനീയർ എന്നിവർക്ക് പരാതി കൊടുത്തെങ്കിലും ആരും ഇവിടെ സന്ദർശിക്കുകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ല. ഇക്കഴിഞ്ഞ 2018ലെ ജലപ്രളയത്തിൽ അതിന്റെ proof എല്ലാം നഷ്ടപ്പെട്ടുപോയി. അതിനുശേഷം പരാതി കൊടുത്ത കോപ്പിയാണ് ഞാൻ സാറിനെ സമർപ്പിച്ചിട്ടുള്ളത്.

2. അങ്ങനെ പലതവണ അപേക്ഷയുമായി അവിടെ ചെന്ന് കാര്യം അവിടുത്തെ ഒരു സ്റ്റാഫിനോട് പറയുകയും ആ സ്റ്റാഫിന്റെ നിർദേശപ്രകാരമാണ് ഡിസ്ട്രിക്ട് കളക്ടർക്ക് പരാതി കൊടുത്തത്. എന്നാൽ കളക്ടറിന്റെ പരാതിയുടെ അടിസ്ഥാനത്തിലാണ് എൻജിനീയർ സ്ഥലം സന്ദർശിക്കുകയും റൂട്ട് മാപ്പ് തയ്യാറാക്കിയതും. അവർ പ്രസാദിന്റെയും മകനെയും കാശിന്റെ സ്വാധീനത്തിൽ കളിക്കുകയാണ്. അവർ ഡിസ്ട്രിക്ട് കളക്ടർക്ക് റിപ്പോർട്ട് അയച്ചിരുന്നത് സുബിത സുരേഷിന് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടെന്നാണ്. അതിന്റെ ഒരു കോപ്പി കളക്ടർ അയച്ചു തന്നിരുന്നു. എന്നിട്ട് എനിക്ക് തന്ന റിപ്പോർട്ടിൽ പറയുന്നത് ഞങ്ങൾ ക്യാഷ് മുടക്കാമെങ്കിൽ റൂട്ട് മാറ്റിത്തരാം എന്നാണ്. അതുപോലെ അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള നടപടിയും ഇലക്ട്രിക് കണക്ഷനുമായി യാതൊരു ബന്ധവുമില്ല. പ്രസാദിന് ഞങ്ങളുടെ കൺസെന്റ് ഇല്ലാതെ അനധികൃതമായി വസ്തുവിൽ മധ്യ യ്ക്ക കൂടി കണക്ഷൻ കൊടുക്കുന്ന സമയത്ത് 4 മീറ്റർ വീതിയിൽ പഞ്ചായത്ത് വഴി നിൽക്കുന്നുണ്ടായിരുന്നു. ഈ വഴിയാണ് റൂട്ട് മാപ്പിൽ കാണിച്ചിരിക്കുന്നത്. പ്രസാദിന് ആരുടെയും കൺസെന്റ് ഇല്ലാതെ സ്വാതന്ത്രമായി ഈ വഴിയിൽ കൂടി കണക്ഷൻ എടുക്കാമായിരുന്നു.

3. എന്നാൽ കളക്ടറിന്റെ ഭാഗത്ത് നിന്നും മറ്റു ഒരു നടപടിയും ഉണ്ടായില്ല. ഇപ്പോൾ ഒന്നേകാൽ വർഷത്തോളമായിട്ട് ഒരു അറിവും ഇല്ല. അത് നിലനിൽക്കുന്നില്ലെന്ന് തോന്നുന്നു. ഈ വിവരത്തെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാനും CONSENT തെളിയിക്കാനും HEARING ന് cgrf ൽ വന്നപ്പോൾ പറഞ്ഞിരുന്നെങ്കിലും അവർ അത് ചെയ്തിട്ടില്ല. CGRF ലെ order അനുസരിച്ച് അസിസ്റ്റന്റ് എൻജിനീയറും രണ്ടുമൂന്ന് സ്റ്റാഫും ചേർന്ന് എന്റെ വീട്ടിൽ വരുകയും നിങ്ങൾ മുൻപ് കൊടുത്ത പരാതിയുടെ കോപ്പി കൈവശമുണ്ടോ എന്ന് തിരക്കി. എന്നാൽ അത് ജലപ്രളയത്തിൽ നഷ്ടപ്പെട്ടു എന്നു ചോദിച്ചറിഞ്ഞ ശേഷമാണ് അവർ 17 വർഷത്തിനുശേഷം പരാതിയുമായി വന്നു എന്ന് പറയുന്നത്. ആയതിനാൽ ഞങ്ങളുടെ consent ഇല്ലാതെ KSEB, Kollakkadavu അനധികൃതമായി പ്രസാദിന് കൊടുത്ത കണക്ഷൻ ഡിസ്കണക്ട് ചെയ്യുവാൻ വേണ്ട നടപടികൾ എത്രയും പെട്ടെന്ന് കൈക്കൊള്ളണമെന്നും, പ്രസാദിന് ഇലക്ട്രിക് കണക്ഷൻ പോയിട്ടുള്ള പ്രോപ്പർട്ടിയിൽ യാതൊരു അവകാശവും ഇല്ലെന്നും ഉള്ള രേഖ സാറിനെ ഞാൻ സമർപ്പിച്ചിട്ടുണ്ട്.

ആയതിനാൽ ഞങ്ങളുടെ സമ്മതമില്ലാതെ കൊടുത്ത കണക്ഷൻ ഡിസ്കണക്ട് ചെയ്യുന്നതിനും consent കൃത്രിമമായി ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അത് തെളിയിച്ച പ്രസാദിന്റെയും കെഎസ്ഇബിയുടെയും ഒത്തുകളി അവസാനിപ്പിച്ച് അവരുടെമേൽ നിയമനടപടികൾ എടുക്കുകയും, ഞങ്ങളുടെ വസ്തുവിൽ കൂടിയുള്ള
കണക്ഷൻ ഡിസ്കണക്ട് ചെയ്യുകയും, കണക്ഷൻ ഷിഫ്റ്റ് ചെയ്യുന്നതിന് ഞങ്ങൾ ചിലവ് വഹിക്കാൻ തയ്യാറല്ല. കാരണം അനധികൃതമായി കെഎസ്ഇബിയും പ്രസാദും എടുത്ത കണക്ഷൻ പ്രസാദ് ചിലവ് വഹിക്കാൻ തയ്യാറല്ലെങ്കിൽ കണക്ഷൻ ഡിസ്കണക്ട് ചെയ്യണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

## വിശകലനവും കണ്ടെത്തലുകളും

ഈ കേസിൽ വിശദമായ വാദം കേൾക്കൽ 05/10/2023, 11:30-ന് ഓംബുഡ്സ്മാന്റെ ആസ്ഥാന ഓഫീസിൽ നടന്നു. പരാതിക്കാരിയായ ശ്രീമതി. സുബിത സുരേഷും, ഭർത്താവ് ശ്രീ. സുരേഷും, കൂടാതെ എതിർ കക്ഷിയായ ശ്രീ. സുരേന്ദ്രൻ സി. കെ, കൊല്ലക്കടവ് സബ്ഡിവിഷൻ AEE -യും പങ്കെടുത്തു.

അപ്പീൽ പരാതി സമർപ്പിച്ചിട്ടുള്ള ശ്രീമതി. സുബിത സുരേഷ് താമസിക്കുന്ന സ്ഥലം 2003 ൽ വാങ്ങിയതാണെന്ന് അവകാശപ്പെടുന്നു. ഇത് തെളിയിക്കാൻ തന്നിട്ടുള്ള ആധാരം 5 സെന്റ് വസ്തു ശ്രീ സുരേഷിന്റെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതാണ്. എന്നാൽ നൽകിയിട്ടുള്ള കരം അടച്ച രസീത് പ്രകാരം 25 സെന്റ് വസ്തു ശ്രീമതി സുബിതയുടെയും ശ്രീ സുരേഷിന്റെയും പേരിലാണെന്ന് കാണുന്നു. 2006 ൽ ആണ് പരാതിക്ക് ആധാരമായ സർവീസ് വയർ വലിച്ചിട്ടുള്ളത്. ഭർത്താവിന്റെ സഹോദരനായ ശ്രീ പ്രസാദിന് വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ടിയാണ് ഈ വയർ വലിച്ചിട്ടുള്ളത്. ഈ ലൈൻ വലിക്കുന്നത് അവരുടെ അറിവോടെ അല്ല എന്നും, അതിനു വേണ്ട സമ്മതപത്രം നൽകിയിട്ടില്ല എന്നുമാണ് പരാതിക്കാരിയുടെ വാദം. അതിനാൽ ഈ ലൈൻ മാറ്റി സ്ഥാപിക്കേണ്ടതാണ്. ലൈസൻസിക്കും സമ്മതപത്രം വാങ്ങിയതായിട്ട് തെളിയിക്കാനുള്ള തെളിവൊന്നുമില്ല. ആ വസ്തു ഒന്നായി കിടക്കുകയായിരുന്നു എന്നും പ്രത്യേകം അതിരുകളോ മതിലുകളോ ഇല്ലായിരുന്നു എന്നും അതിനാൽ, അത് വേറെ വസ്തുവാണെന്നതിനുള്ള അടയാളങ്ങളൊന്നും ഇല്ലാതിരുന്നതിനാൽ സമ്മതപത്രം ആവശ്യപ്പെട്ടിട്ടുണ്ടാവില്ല എന്നുമാണ് എതിർകക്ഷിയുടെ വാദം. പരാതിക്കാരിയും കുടുംബവും ലൈൻ വലിക്കുന്ന സമയത്ത് സ്ഥലത്തില്ലായിരുന്നു എന്നും, അവരുടെ അറിവിലെത്തിയപ്പോൾ ലൈസൻസിക്ക് നിരന്തരമായി പരാതി നൽകിയിരുന്നു എന്നും അവകാശപ്പെടുന്നു. എതിർകക്ഷിയുടെ അഭിപ്രായത്തിൽ 2022-ൽ മാത്രമാണ് ഇത്തരം പരാതി ലഭിച്ചിട്ടുള്ളത് എന്നാണ്. 2022-ന് മുൻപ് നൽകിയ പരാതികളുമോ പകർപ്പോ മറ്റു രേഖകളോ ഒന്നും സമർപ്പിച്ചിട്ടില്ല. 2018-ലെ പ്രളയത്തിൽ ഇതെല്ലാം നഷ്ടപ്പെട്ടുപോയി എന്നാണ് പരാതിക്കാരി വാദിക്കുന്നത്. എന്നാൽ 2018 ന് ശേഷം 2022 വരെയും ഒരു പരാതിയും സമർപ്പിച്ചതായി കാണുന്നില്ല. അതിനാൽ മുൻപ് പരാതി നൽകി എന്നുള്ളത് വിശ്വാസ യോഗ്യമായി തോന്നുന്നില്ല. പരാതിക്കാരിയുടെ അപേക്ഷപ്രകാരം ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്ലാൻ ഉണ്ടാക്കുകയും അതനുസരിച്ച് അടങ്കൽ തുക കണക്കാക്കുകയും ചെയ്തു. ചെലവ് കണക്കാക്കിയിരുന്ന 33,088/- രൂപ പരാതിക്കാരി അടയ്ക്കേണ്ടതാണെന്ന് അറിയിച്ചെങ്കിലും അടയ്ക്കാൻ തയ്യാറായിട്ടില്ല. യഥാർത്ഥ ഉപഭോക്താവും ഈ തുക അടയ്ക്കാൻ തയ്യാറായിട്ടില്ല. തന്റെ സമ്മതമില്ലാതെ വസ്തുവിൽ അതിക്രമിച്ച കയറി ലൈൻ സ്ഥാപിച്ചിരിക്കുന്നതിനാൽ അത് മാറ്റാനുള്ള ചെലവ് വഹിക്കാൻ തയ്യാറല്ല എന്നതാണ് പരാതിക്കാരിയുടെ വാദം. Kerala Electricity Supply Code 2014-ലെ സെക്ഷൻ 94 പ്രകാരം ആരാണോ ലൈൻ മാറ്റാൻ ആവശ്യപ്പെടുന്നത് അതിനുള്ള ചെലവ് ആവശ്യപ്പെടുന്നവർ തന്നെ വഹിക്കണമെന്നതാണ്.

94 (1) *"The consumer shall apply for shifting the meter within the existing premises or for deviation of existing service line within his property, in the format specified in Annexure- 10 to the Code".*

94(2) *"The licensee shall process the application in accordance with the provisions of the Code".*

94(3) *"For site inspection as well as issuance and payment of demand note for the estimated expenditure for works, both the licensee and applicant shall follow mutatis mutandis, the procedure and timelines as laid down in regulations 77 to 83 of the Code".*

94(4) *The following time schedule shall be observed for completing the works from the date of payment of expenditure: -*

| Sl.no. | Purpose | Time Schedule |
|---|---|---|
| (i) | Shifting of meter or weather proof service line or both | Seven days |
| (ii) | Shifting of LT service line | Thirty days |
| (iii) | Shifting of HT service line | Forty-five days |
| (iv) | Shifting of transformer | Thirty days |

94(5) *"Excess payment if any, made by the consumer shall be adjusted by refund and deficit payment if any, shall be realised by way of an additional demand note".*

Electricity Act Section 164 പ്രകാരം Indian Telegraph Act-1885 ലെ ആവശ്യമായ വകുപ്പുകൾ Electricity Act-ൽ പ്രയോഗിക്കാൻ അധികാരം നൽകിയിരിക്കുന്നു.

*Section 164* *"The Appropriate Government may, by order in writing, for the placing of electric lines or electrical plant for the transmission of electricity or for the purpose of telephonic or telegraphic communications necessary for the proper co-ordination of works, confer upon any public officer, licensee or any other person engaged in the business of supplying electricity under this Act, 1885 (13 of 1885), any of the powers which the telegraph authority possesses under that Act with respect to the placing of telegraph lines and posts for the purposes of a telegraph established or maintained, by the Government or to be so established or maintained."*

അതുപ്രകാരം ലൈൻ സ്ഥാപിക്കുന്നതിനും, മാറ്റി സ്ഥാപിക്കുന്നതിനും വേണ്ടിയുള്ള നടപടി ക്രമങ്ങൾ Indian Telegraph Act 1885 പ്രകാരമാണ് പ്രാവർത്തികമാക്കേണ്ടത്. അതിനുള്ള വകുപ്പുകൾ താഴെ പറയുന്നവയാണ്.

*Section 10* *"The telegraph authority may, from time to time, place and maintain a telegraph line under, over, along, or across and posts in or upon any immovable property:"*

*(d)* *"in the exercise of the powers conferred by this section, the telegraph authority shall do as little damage as possible, and, when it has exercise those powers in respect of any property other than that referred to in*

*clause(c), shall pay full compensation to all persons interested for any damage sustained by them by reason of the exercise of those powers."*

*Section 16(1)* *"If the exercise of the powers mentioned in Section 10 in respect of the property referred to in clause (d) of that section is resisted or obstructed, the District Magistrate may, in his discretion, order that the telegraph authority shall be permitted to exercise them."*

*(2)* *"If, after the making of an order under sub- section (1), any person resist the exercise of those powers, or, having control over the property, does not give all facilities for this being exercised, he shall be deemed to have committed an offence under Section 188 of Indian Penal Code (45 of 1860)".*

*(3)* *"If any dispute arises concerning the sufficiency of the compensation to be paid under Section 10, clause (d), it shall, on application for that purpose by either of the disputing parties to the District Judge within whose jurisdiction the property is situate, be determined by him".*

*Section 17(1)* *"When, under the foregoing provisions of this Act, a telegraph line or post has been placed by the telegraph authority under, over, along, across, in or upon any property not being vested in or under the control or management of a local authority, and any person entitled to do so desires to deal with that property in such a manner as to render it necessary or convenient that the telegraph line or post should be removed to another part thereof or to a higher or lower level or altered in form, he may require the telegraph authority to remove or alter the line or post accordingly:*

*Provided that, if compensation has been paid under Section 10, clause(d) he shall, when making the requisition, tender to the telegraph authority the amount requisite to defray the expense of the removal or alteration, or half of the amount paid as compensation, whichever may, be the smaller sum."*

*(2)* *"If the telegraph authority omits to comply with the requisition, the person making it may apply to the District Magistrate with whose Jurisdiction the property is situated to order the removal or alteration''.*

മുകളിൽ പ്രസ്താവിച്ചിട്ടുള്ള വകുപ്പുകൾ പ്രകാരമാണ് ഒരു വ്യക്തിയുടെ വസ്തുവിലൂടെ ലൈൻ വലിക്കുമ്പോൾ പാലിക്കേണ്ട വസ്തുതകൾ. ഇവിടെ ലൈസൻസിയുടെ എൻജിനീയർമാർക്ക് നൽകിയിരിക്കുന്ന അധികാരം Telegraph Act 10(d) പ്രകാരം പ്രയോഗിക്കുമ്പോൾ തർക്കങ്ങൾ ഉടലെടുത്താൽ അതിന്റെ അന്തിമ തീരുമാനം എടുക്കേണ്ടത് ജില്ലാ കലക്ടർ ആണ്. അതുപോലെതന്നെ സ്ഥാപിച്ചിട്ടുള്ള ലൈൻ മാറ്റി സ്ഥാപിക്കുമ്പോൾ ഉടലെടുക്കുന്ന തർക്കത്തിനും നിവൃത്തിയുണ്ടാക്കേണ്ട അധികാരം ജില്ലാ കളക്ടറിൽ നിക്ഷിപ്തമായിരിക്കുന്നു.

ഇവിടെ പരാതിക്കാരി ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ള പരാതി പ്രകാരം Asst. Exe. Engineer- നോട് വിശദീകരണം ആവശ്യപ്പെടുകയും ലഭിച്ച വിശദീകരണം കളക്ടർ ഓഫീസിൽ നിന്ന് പരാതിക്കാരിക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. അതിനുശേഷം ഉള്ള പുരോഗതി ഒന്നും രേഖകളിൽ കാണുന്നില്ല. അതിൽ നിന്നും ഈ പരാതി ജില്ലാ കളക്ടർ തീർപ്പാക്കിയിട്ടില്ല എന്ന് അനുമാനിക്കാം. ഇങ്ങനെ കളക്ടർ സമക്ഷം നിലവിലിരിക്കുന്ന പരാതിയിൽ തീർപ്പു കൽപ്പിക്കാൻ ഓംബുഡ്സ്മാന് അധികാരമില്ല.

Section 22(d) of KSERC (CGRF & Ombudsman) Regulation- 2014 22(1) (d).

*22(1)* *“No representation to the Ombudsman shall lie:*
*(d)* *in cases where a representation for the same grievance by court, tribunal or arbitrator or any other authority or a decree or award or a final order has already been passed by any such court, tribunal, arbitrator or authority.”*

അതുപോലെതന്നെ Form-Bൽ പരാതിക്കാർ തരേണ്ട പ്രസ്താവനയിലും ഈ പരാതി മറ്റൊരു നീതിന്യായ സംവിധാനത്തിലും പരിഗണനയിലിരിക്കുന്നതല്ല എന്ന് എടുത്തു പറഞ്ഞിട്ടുണ്ട്.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിക്കുകയും, പരാതിക്കാരിയുടെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത ശേഷം, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ എത്തുകയും ഇനിപ്പറയുന്ന തീരുമാനം എടുക്കുകയും ചെയ്യുന്നു.

1. ഈ പരാതിയിൽ ജില്ലാ കളക്ടറുടെ നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ഈ അധികാരിക്ക് നടപടി കൈക്കൊള്ളാൻ കഴിയുന്നില്ല.

2. ജില്ലാ കളക്ടറുടെ തീർപ്പിന് വിധേയമായി ലൈസൻസി മേൽ നടപടി സ്വീകരിക്കേണ്ടതാണ്.

3. മറ്റുചിലവുകളൊന്നും അംഗീകരിച്ചിട്ടില്ല.

ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ

No. P/040/2023/ dated: 13/10/2023.

അയക്കുന്നത്:

1. ശ്രീമതി. സുബിത സുരേഷ്, കീഴതറയിൽ വീട്, മാമ്പ്ര പി.ഒ., ചെങ്ങന്നൂർ, ആലപ്പുഴ ജില്ല - 689508.
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കൊല്ലക്കടവ്, ആലപ്പുഴ ജില്ല.

പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10

2. സെക്രട്ടറി, കെ.എസ്.ഇ.ബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4
3. ചെയർപേഴ്സൺ, CGRF, 220 കെ.വി സബ്സ്റ്റേഷൻ കോമ്പൗണ്ട്, എച്ച്എംടി കോളനി പി.ഒ., കളമശ്ശേരി, പിൻ-683503